ഉത്തരം

(എ, ബി) ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് സർക്കാർ തീരുമാനമെടുക്കുന്നത്. പുതിയ കോടതികൾ തുടങ്ങുന്ന കാര്യം ഹൈക്കോടതിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുമ്പോൾ ഈ കാര്യം പരിശോധിക്കുന്നതാണ്.

ഹരിജനങ്ങൾക്ക് സ്പെഷ്യൽ കോടതി

791. [ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിജനങ്ങളുടെ നേരെയുള്ള മർദ്ദനങ്ങളും കൊലപാതകങ്ങളും മറ്റും കൈകാര്യം ചെയ്യുന്നതിനുവേണ്ടി സ്പെഷ്യൽ കോടതിയെ ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജയിലുകളിലെ മലിനജലം

792. [ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരി സബ് ജയിൽ തടവുകാർക്ക് പൊട്ടക്കിണറിലെ നാറുന്ന വെള്ളവും എറണാകുളം സബ് ജയിലിലെ തടവുകാർക്ക് കക്കൂസു പൊട്ടിയൊഴുകുന്ന വെള്ളവും കെട്ടിനിൽക്കുന്നതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ [ശദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് എന്തു പരിഹാര നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പു വഴി മട്ടാഞ്ചേരി സബ് ജയിലിൽ ഒരു ടാങ്ക് നിർമ്മിക്കുന്നതിനും, എറണാകുളം സബ് ജയിലിലെ കക്കൂസുകൾ വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രതീക്ഷ പബ്ലിക്കേഷന്റെ 'സിമി' ഡയറി

793. [ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് 'പ്രതീക്ഷ' പബ്ലിക്കേഷൻസ് [പസിദ്ധപ്പെടുത്തിയ 'സിമി' ഡയറി പോലീസ് പിടിച്ചെടുത്തിട്ടുണ്ടോ ;

(ബി) ഈ ഡയറിയിൽ ജമ്മു-കാശ്മീർ പാകിസ്ഥാന്റെ ഭാഗമായി കാണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly